# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6154** **04.07.2019-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ പഠനച്ചെലവ് സർക്കാർ വഹിച്ചു തുടങ്ങിയത് എന്നുമുതലാണെന്നും പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 01.08.2009 മുതൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യം, ഓൺ ലൈനായി നൽകുന്ന ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ഡിഗ്രിതലം മുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ 4123 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ഇതിൽ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ മെറിറ്റ് സീറ്റുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും, ഗവൺമെന്റ്/ എയിഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളും ഉൾപ്പെടുന്നു. |
| ബി) തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി തീരദേശ സ്കൂളുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | ബി) മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി (2018-19) ൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന തീരദേശ സ്കൂളുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനായി 24.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 4 പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. 3 പ്രവൃത്തികൾ ആരംഭിച്ച് പണി പുരോഗമിക്കുന്നു. ഒരു പ്രവൃത്തി നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. ടി പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു. |

| ക്രമ നം | സ്കൂൾ | ഭരണാനുമതി തുക (കോടി രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ജി.ആർ.എഫ്.ടി & വി.എച്ച്.എസ്.എസ്., വലിയതുറ | 4.76 | പ്രവൃത്തി പ്രാരംഭ ഘട്ടത്തിൽ |

| | | | |
|---|---|---|---|
| 2 | ജി.ആർ.എഫ്.ടി & വി.എച്ച്.എസ്.എസ്., താനൂർ | 10.02 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 3 | ജി.ആർ.എഫ്.ടി & വി.എച്ച്.എസ്.എസ്., ബേപ്പൂർ | 4.35 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 4 | ജി.ആർ.എഫ്.ടി & വി.എച്ച്.എസ്.എസ്., അഴീക്കൽ | 5.58 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| | ***ആകെ*** | ***24.71*** | |

സി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനായി നടത്തിയ പരിശീലനത്തിന്റെ ഫലമായി നടപ്പ വർഷം എത്ര വിദ്യാർത്ഥി കൾക്ക് എം.ബി.ബി.എസ് -ന് അഡ്മിഷൻ ലഭിക്കുന്നതിനിട യായിട്ടുണ്ട്; വിശദമാക്കുമോ;

സി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിയ്ക്കുന്നതിനായി നടപ്പാക്കുന്ന വിദ്യാതീരം പദ്ധതി വഴി മെഡിക്കൽ എൻട്രൻസ് പരിശീലനത്തിനായി 2018-19 ൽ 56 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിരുന്നു. ടി വിദ്യാർത്ഥികളുടെ NEET സ്കോർ/റാങ്ക് എന്നിവ ലഭിച്ചിട്ടേ ഉള്ളൂ. അഡ്മിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു.

2017-18 മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 50 പേരിൽ 6 പേർക്ക് MBBS-നും, 19 പേർക്ക് മെഡിക്കൽ ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

ഡി) പ്രസ്തുത പരിശീലന പരിപാടി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഡി) ഉണ്ട്. 2019-20-ൽ വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി 90 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

Sheeba

**സെക്ഷൻ ആഫീസർ**